"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - പാലക്കാട് അടക്കാപുത്തൂർ ശബരി പി.ഡി.ബി. ഹൈസ്കൂളിലെ എച്ച്.എസ്.ടി. (നാച്ചുറൽ സയൻസ്) അധ്യാപകൻ ശ്രീ. കുഞ്ഞുമൊയ്തു - ന്റെ നിയമനം അംഗീകരിക്കുന്നതിനായി സമർപ്പിച്ച പുന:പരിശോധന ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതു വിദ്യാഭ്യാസ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.913/2026/GEDN തീയതി,തിരുവനന്തപുരം, 30-01-2026

---

പരാമർശം:-

1. G.O. (M.S) 377/96/GEdn dated 08.11.1996
2. G.O. (M.S) 11/2002/GEdn dated 07.01.2002
3. G.O. (P) നമ്പർ 121/2005/പൊ.വി.വ തിയ്യതി 16.04.2005
4. G.O. (M.S)78/2024/GEdn dated 05.08.2024
5. പാലക്കാട് അടക്കാപുത്തൂർ ശബരി പി.ഡി.ബി. ഹൈസ്കൂളിലെ എച്ച്.എസ്.ടി. (നാച്ചുറൽ സയൻസ്) അധ്യാപകൻ ശ്രീ. കുഞ്ഞുമൊയ്തു സർക്കാരിൽ സമർപ്പിച്ച 21/04/2025 തീയതിയിലെ റിവ്യൂ ഹർജി.
6. പാലക്കാട് അടക്കാപുത്തൂർ ശബരി പി.ഡി.ബി. ഹൈസ്കൂളിലെ എച്ച്.എസ്.ടി. (നാച്ചുറൽ സയൻസ്) അധ്യാപകൻ ശ്രീ. കുഞ്ഞുമൊയ്തു സർക്കാരിൽ സമർപ്പിച്ച തീയതി രേഖപ്പെടുത്താത്ത പുന:പരിശോധന ഹർജി.
7. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 22-07-2025 തീയതിയിലെ ഇഎം1/14122/2025/ഡി.ജി.ഇ നമ്പർ കത്ത്.
8. മണ്ണാർക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 16-08-2025 തീയതിയിലെ DEOMKD/909/2025-B3 നമ്പർ കത്ത്.

**ഉത്തരവ്**

പാലക്കാട് അടക്കാപുത്തൂർ ശബരി പി.ഡി.ബി. ഹൈസ്കൂളിലെ എച്ച്.എസ്.ടി. (നാച്ചുറൽ സയൻസ്) അധ്യാപകൻ ശ്രീ. കുഞ്ഞുമൊയ്തു സർക്കാരിൽ സമർപ്പിച്ച റിവിഷൻ ഹർജിയിന്മേൽ **18.08.2025** തീയതിയിൽ വാദം കേട്ടു.

**2.** ഹർജിക്കാന്റെ വാദം താഴെ പ്രകാരം ആയിരുന്നു :

അടക്കാപുത്തൂർ ഹൈസ്കൂളിൽ **08.06.1994** മുതൽ **31.08.1994** വരെയും

12.06.1995 മുതൽ 14.08.1995 വരെയും എച്ച് എസ് ടി (എൻ.എസ്) തസ്തികയിൽ നിയമനാംഗീകാരം ലഭിച്ച്, KER അദ്ധ്യായം 14 എ, ചട്ടം 51 (എ) അവകാശം ആർജിച്ച അധ്യാപകനാണ് ടിയാൾ. പരാമർശം (3) പ്രകാരമുള്ള K.E.R ഭേദഗതിക്ക് മുമ്പ് പ്രാബല്യത്തിലിരുന്ന നിയമം അനുസരിച്ചാണ് ചട്ടം 51 (എ) അവകാശം ലഭിച്ചത്.

01.04.1997 ന് ശ്രീമതി. സുലോചന, എച്ച് എസ് ടി (എൻ.എസ്) ന്റെ പ്രധാനാധ്യാപക സ്ഥാനക്കയറ്റ നിയമനം വഴി വന്ന ഒഴിവിലാണ് ടിയാൾ 02.06.1997 മുതൽ എച്ച്.എസ്.ടി. (എൻ.എസ്) ആയി നിയമിച്ചത്. 02.06.1997 ന് സ്കൂളിൽ സേവനമനുഷ്ഠിച്ചു വന്ന കോർ വിഷയ അധ്യാപകരുടെ വിവരം ചുവടെ കൊടുക്കുന്നു. [നിയമിതൻ ഉൾപ്പെടെ).

| അനുവദിച്ച തസ്തിക | | ജോലി ചെയ്യുന്നവർ |
|---|---|---|
| PS | 3 | 3 |
| NS | 2 | 2 |
| Maths | 5 | 5 |
| SS | 4 | 4 |
| ആകെ | 14 | 14 |

സ്കൂളിൽ 1997-98 വർഷത്തെ തസ്തിക നിർണയത്തിൽ 14 HST തസ്തികകൾ അനുവദിച്ചിരുന്നു. 1996-97, 1997-98 വർഷങ്ങളിൽ അനുവദിച്ച തസ്തികകൾ 14 ആണെന്നത് ശ്രദ്ധേയമാണ്.

തസ്തിക നഷ്ടപ്പെട്ട HST (SS) അധ്യാപിക ശ്രീമതി. വിജയലക്ഷ്മി എന്നവരെ ശ്രീമതി. സുലോചന HST (NS) ന്റെ സ്ഥാനക്കയറ്റ ഒഴിവിൽ നിലനിർത്തണം എന്നുന്നയിച്ചാണ് അപ്പീൽ, റിവിഷൻ എന്നിവയും നിരസിച്ചത്.

1996-97, 1997-98 വർഷങ്ങളിലെ തസ്തിക നിർണയത്തിൽ രണ്ട് HST (NS) തസ്തികകൾ അനുവദിച്ചിട്ടുണ്ട്. ടിയാൾ ഉൾപ്പടെ രണ്ടുപേർ മാത്രമേ 02.06.1997 ന് NS വിഷയത്തിൽ ജോലി ചെയ്യുന്നുള്ളൂ. HST (NS) ഒഴിവിൽ നിലനിർത്തണം എന്നു പറയുന്ന ശ്രീമതി. വിജയലക്ഷ്മി, HST (SS) അധ്യാപിക 1996-97 വർഷം സ്കൂളിൽ 1:40 അനുപാത പ്രകാരം സൃഷ്ടിച്ച തസ്തികയിൽ നിലനിൽക്കുകയായിരുന്നു. ടിയാളെ NS വിഷയം പഠിപ്പിക്കുവാൻ minimum subject requirement പാലിക്കേണ്ടതല്ലേ എന്ന പ്രസക്തമായ ചോദ്യത്തിനാണ് നാളിതുവരെ വ്യക്തത വരാത്തത്.

1996-97 വർഷം അധികം വന്ന അധ്യാപകരെ പരാമർശം (1) പ്രകാരം

നിലനിർത്തിയിട്ടുണ്ടെങ്കിൽ അവർക്കും **1:40** അനുപാത വ്യവസ്ഥയിൽ തുടർന്നു വരാൻ അർഹതയുണ്ടെന്നും, സർപ്ലസ് ആയവരെ ആദ്യം വരുന്ന വ്യവസ്ഥാപിത ഒഴിവിലേക്ക് അഡ്ജസ്റ്റ് ചെയ്യേണ്ടതിനാൽ ശ്രീമതി. വിജയലക്ഷ്മിയെ **HST (NS)** ഒഴിവിൽ അഡ്ജസ്റ്റ് ചെയ്യണമെന്നുമാണ് സർക്കാർ നിലപാട് സ്വീകരിച്ചത്.

വിഷയാനുപാതം സംബന്ധിച്ച് ബഹു. കേരള ഹൈക്കോടതി **WP(C) No 6696/2014** ൽ **12.11.2021** ന് പുറപ്പെടുവിച്ച വിധിന്യായത്തിലെ സുപ്രധാന ഭാഗം ചുവടെ ഉദ്ധരിക്കുന്നു.

**"As held above teachers in HST Core subject claim redeployment in parent School as their deployment depends upon sanction of post or arising of vacancies in Core Subjects. The minimum subject requirement had to be satisfied when appointments are considered against the post of HSA's"**

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ നമ്പർ എച്ച് **2/54419/94** തിയ്യതി. **10.02.1995** പരിപത്രം ഖണ്ഡിക **(4)** ൽ ഇപ്രകാരം വ്യക്തമാക്കുന്നു. "ഹൈസ്കൂളിൽ കോർ വിഷയങ്ങളിലെ അധ്യാപകരായി ഭാവിയിൽ ഉണ്ടാകുന്ന എല്ലാ പ്രമോഷനുകളും / നിയമനങ്ങളും,സ്ഥലം മാറ്റങ്ങളും കർശനമായി ഈ അനുപാതം നിലനിർത്തിയാവണം"

ഈ നിർദ്ദേശങ്ങൾ എല്ലാം വിഷയാനുപാതം പാലിക്കേണ്ടതിന്റെ അനിവാര്യത ഉറപ്പുവരുത്തുകയാണ് ചെയ്തിട്ടുള്ളത്.

നാച്ചുറൽ സയൻസ് വിഷയത്തിൽ ഒഴിവു വരുമ്പോൾ സോഷ്യൽ സയൻസ് അധ്യാപകനെ നിലനിർത്താം എന്നു പറയുന്നത് **minimum subjective requirement** തത്വങ്ങൾക്ക് എതിരാണ്. അതേസമയം സ്കൂളിൽ ആവിർഭവിക്കുന്ന ഒഴിവ് ഏത് സബ്ജക്ടിലാണോ, അതേ സബ്ജക്ടിൽ പുറത്തുനിൽക്കുന്നവർ അവരെ തിരിച്ചു വിളിക്കണം എന്ന വാദം യുക്തിസഹമാണ്. സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുമ്പോൾ ഇതാണ് ഉദ്ദേശിച്ചിട്ടുള്ളതും. അതല്ലാതെ **HST (Arabic)** ൽ ഒഴിവു വന്നാൽ **1:40** അനുപാതത്തിൽ മുൻവർഷം തുടർന്നുവന്ന **HST** (ഹിന്ദി) അധ്യാപകനെ തിരിച്ചുവിളിച്ച് നിലനിർത്താം എന്നതല്ല സർക്കാർ കാഴ്ചപ്പാട്.

പരാമർശം **(2)** പ്രകാരം ഇംഗ്ലീഷ് കേഡർ സൃഷ്ടിച്ചപ്പോഴും, പരാമർശം **(4)** പ്രകാരം ഇംഗ്ലീഷ് പഠിപ്പിക്കുവാൻ ഇംഗ്ലീഷ് അധ്യാപകർ തന്നെ വേണം എന്ന് തീരുമാനം കൈക്കൊള്ളുമ്പോഴും **subject requirement** നാണ് സർക്കാർ പ്രാധാന്യം നൽകിയത്.

ടിയാൾ **02.06.1997** മുതൽ കൃത്യമായ ടൈംടേബിളിന്റെ ബലത്തിൽ രണ്ടാമത്തെ നാച്ചുറൽ സയൻസ് അധ്യാപകനായി ഡ്യൂട്ടി നിർവഹിച്ചിട്ടുണ്ട്. **02.06.1997** ന് പ്രാബല്യത്തിലിരുന്ന വിഷയാനുപാതം അനുസരിച്ച് രണ്ട് നാച്ചുറൽ സയൻസ് തസ്തിക കൃത്യമായി സൃഷ്ടിച്ചിട്ടുണ്ട്. **NS** തസ്തികയിൽ **SS** അധ്യാപികയെ നിലനിർത്തിയ നടപടി ചട്ടവിരുദ്ധമാണ്. **SS** അധ്യാപികയെ **1:40** ൻ്റെ ആനുകൂല്യം നൽകി സ്കൂളിൽ തന്നെ നിലനിർത്തുകയോ അഥവാ ഡിപ്ലോയ് ചെയ്യുകയോ ആണ് വേണ്ടിയിരുന്നത്.

**2027** ൽ സർവീസിൽ നിന്ന് വിരമിക്കുന്ന ടിയാൾ ഈയൊരു വർഷത്തെ നിയമനാംഗീകാരം ലഭിച്ചാൽ ഫുൾ പെൻഷനുള്ള അർഹത വരും. നിയമാനുസൃതമായും, സാമാന്യ നീതി പ്രകാരവും **02.06.1997** മുതൽ നിയമനം അംഗീകരിക്കുവാൻ മതിയായ കാരണമുണ്ട്. ആയതിനാൽ ടിയാൾ **02.06.1997** മുതൽക്കുള്ള **HST (NS)** നിയമനം അംഗീകരിക്കുന്നതിന് നിർദ്ദേശം നൽകി റിവിഷൻ തീർപ്പാക്കണമെന്ന് ഈ അപേക്ഷയിൽ ആവിശ്യപെടുന്നു. **01.06.1998** മുതൽ ടിയാളെ തുടർച്ചയായി നിയമനാംഗീകാരം ലഭിച്ചിട്ടുണ്ട്. **02.06.1997** മുതൽ **31.05.1998** വരെയുള്ള സേവനകാലം പെൻഷൻ ഉൾപ്പെടെ പരിഗണിക്കുന്ന രീതിയിൽ നോഷണലായെങ്കിലും അംഗീകരിക്കുന്നതിന് തീരുമാനം കൈക്കൊള്ളണമെന്ന് ഈ അപേക്ഷയിൽ ആവിശ്യപെടുന്നു.

**3.** പൊതുവിദ്യാഭ്യാസ ഓഫീസർമാർ താഴെ പറയുംപ്രകാരം വാദിച്ചു :

അടക്കാപുത്തൂർ ഹൈസ്കൂളിൽ എച്ച്.എസ്.ടി.(എൻ.എസ്.) തസ്തികയിൽ നിയമിതനായ ശ്രീ. കെ.ടി. കുഞ്ഞിമൊയ്തുവിൻ്റെ **02.06.1997** മുതൽ **31.05.1998** വരെയുള്ള നിയമനം സംബന്ധിച്ച് മണ്ണാർക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസർ ഒറ്റപ്പാലം ജില്ലാ വിദ്യാഭ്യാസ ഓഫീസറോട് വിവരങ്ങൾ ആരായുകയും എന്നാൽ വിവരങ്ങൾ ഒന്നും ലഭ്യമായില്ല എന്ന് അറിയിക്കുകയും ചെയ്തു. മണ്ണാർക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് ലഭ്യമായ വിവരങ്ങൾ ഉൾപ്പെടുത്തി റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

ടി സ്കൂളിൽ **1996-97** വർഷത്തെ തസ്തിക നിർണ്ണയ ഉത്തരവ് പ്രകാരം **1** എച്ച്.എസ്.ടി.(സോഷ്യൽസയൻസ്) തസ്തിക കുറയുകയും ആയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത തസ്തികയിൽ ജോലി ചെയ്തിരുന്ന ശ്രീമതി വിജയലക്ഷ്മി പുറത്താവുകയും, സർക്കാർ തന്നെ നം.377/96/പൊ.വി.വ. ഉത്തരവ് പ്രകാരം ഈ വിദ്യാലയത്തിൽ തുടരാൻ അനുവദിച്ചു. തുടർന്ന് **1997-98** വർഷം എച്ച്.എസ്.ടി.(നാച്ചുറൽ സയൻസ്) അദ്ധ്യാപികയായ ശ്രീമതി. സുലോചനയെ പ്രധാനാദ്ധ്യാപിക തസ്തികയിലേയ്ക്ക് **01/04/1997**-ന് സ്ഥാനക്കയറ്റം നൽകി നിയമിച്ച ഒഴിവിലേക്ക് **02/06/1997** മുതൽ എച്ച്.എസ്.ടി.(നാച്ചുറൽസയൻസ്) ആയി ശ്രീ.കെ.ടി. കുഞ്ഞിമൊയ്തുവിനെ മാനേജർ നിയമിച്ചു. തസ്തിക നിലവിലില്ല എന്ന കാരസർക്കാരിൽണത്താൽ ഒറ്റപ്പാലം

ജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിച്ചു നൽകുകയും ചെയ്തു.

പ്രസ്തുത വർഷത്തെ തസ്തിക നിർണ്ണയ ഉത്തരവിനെതിരെ മാനേജർ പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടർ മുൻപാകെ അപ്പീൽ സമർപ്പിക്കുകയുണ്ടായി. എന്നാൽ സീനിയർ ആയ ശ്രീമതി സുലോചനയെ (എച്ച്എസ്.ടി-നാച്ചുറൽസയൻസ്) 01/04/1997 മുതൽ പ്രധാനാധ്യാപികയായി സ്ഥാനക്കയറ്റം നൽകി ഉണ്ടായ ഒഴിവിലേക്ക് മുൻവർഷം തസ്തിക നഷ്ടപ്പെട്ട് നിൽക്കുന്ന ശ്രീമതി വിജയലക്ഷ്മിയെ നിയമിക്കാനും, കുട്ടികളുടെ കുറവ് കാരണം ഒരദ്ധ്യാപകനും ജോലി നഷ്ടപ്പെടുന്നില്ല എന്നതിനാൽ പുതുക്കിയ 1:40 അനുപാതം അടക്കാപുത്തൂർ ഹൈസ്ക്കുളിന് ബാധകമല്ല എന്നും നിർദേശം നൽകി അപ്പീൽ വിദ്യാഭ്യാസ ഉപഡയറക്ടർ ഉത്തരവ് നിരസിച്ചു. ഇതിനെതിരെ മാനേജർ സർക്കാരിൽ നൽകിയ അപ്പീലും നിരസിച്ചു.

ആയതിനാൽ ശ്രീ. കുഞ്ഞുമൊയ്തുവിൻറെ 02/06/1997 മുതൽ 31/05/1998 വരെ നിയമനം നൽകാനുള്ള ഒഴിവ് അടയ്ക്കാപുത്തൂർ എസ്.പി.ടി.ബി.എസ്. ഹൈസ്കൂളിൽ ഉള്ളതായി കാണുന്നില്ല ആയതിനാൽ ശ്രീ. കുഞ്ഞുമൊയ്തുവിന്റെ ആവശ്യം പരിഗണനാർഹമല്ല എന്ന വിവരം അറിയിക്കുന്നു.

4. സർക്കാർ ഈ വിഷയം ഹിയറിംങ് സമയത്തെ വാദം, വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ട്, നിലവിലെ ചട്ടങ്ങൾ, സർക്കാർ ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു.

ശബരി പി.ഡി.ബി. ഹൈസ്കൂളിലെ സീനിയർ അധ്യാപിക ശ്രീമതി.സുലോചന. പി (HST natural science) 01.04.1997 മുതൽ ടി സ്കൂളിലെ പ്രധാനാധ്യാപികയായി സ്ഥാനക്കയറ്റം നൽകിയ ഒഴിവിൽ ശ്രീ.കുഞ്ഞുമൊയ്തു കെ.ടി - യെ 02.06.1997 മുതൽ എച്ച്.എസ്.ടി നാച്ചുറൽ സയൻസ് അധ്യാപകനായി മാനേജർ നിയമിച്ചു. 1995-96 വർഷത്തിലെ തസ്തിക നിർണയ ഉത്തരവ് പ്രകാരം അനുവദിച്ചു നൽകിയ 15 തസ്തികകളിൽ നിന്നും ഒരു തസ്തിക നഷ്ടപ്പെട്ട് 15 ആയി ചുരുങ്ങിയതിനെ തുടർന്ന് എച്ച്.എസ്.ടി. സോഷ്യൽ സയൻസ് അധ്യാപിക ശ്രീമതി. വിജയലക്ഷ്മിയെ പരാമർശം (1) ഉത്തരവ് പ്രകാരം ശ്രീമതി. സുലോചന.പി - യുടെ സ്ഥാനക്കയറ്റ ഒഴിവിൽ നിലനിർത്തിയതിനാൽ ശ്രീ.കുഞ്ഞു മൊയ്തു.കെ.ടി -യ്ക്ക് നിലനിൽക്കാൻ തസ്തിക ഉണ്ടായില്ല.

1995-96 വർഷത്തെ തസ്തിക നിർണയ ഉത്തരവ് പ്രകാരം ഈ സ്കൂളിലെ ആകെ തസ്തികകൾ 14 ആണ്. 1997-98 വർഷത്തിലും ഈ സ്കൂളിൽ 14 തസ്തികകൾ മാത്രമാണ് അനുവദിച്ചിരുന്നത്. 1997-98 വർഷത്തിൽ വേണ്ടത്ര വിദ്യാർത്ഥികളുടെ കുറവ് നിമിത്തം ജോലി നഷ്ടപ്പെടുവാൻ സാധ്യതയുള്ള അധ്യാപകരെ നിലനിർത്തുന്നതിന് വേണ്ടി മാത്രമാണ് അധ്യാപക വിദ്യാർത്ഥി

അനുപാതം **1:45** ൽ നിന്നും **1:40** ആക്കികൊണ്ട് **20.06.1997** തീയതിയിൽ സർക്കാർ ഉത്തരവ് (പി) നമ്പർ **219/97** പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നത്. എന്നാൽ ടി വിദ്യാലയത്തിൽ **1996-97** വർഷത്തിൽ അനുവദിച്ച തസ്തികകൾ തന്നെയാണ് **1997-98** വർഷത്തിലും ഉള്ളത് എന്നതിനാൽ **1997-98** വർഷം വേണ്ടത്ര കുട്ടികളുടെ കുറവ് കാരണം ഒരു അധ്യാപകനും ജോലി നഷ്ടപ്പെട്ടിട്ടില്ലാത്ത സ്ഥിതിക്ക് പുതുക്കിയ അനുപാതം അടയ്ക്കാപുത്തൂർ ശബരി സ്കൂളിന് ബാധകമല്ല എന്ന് കാണിച്ചുകൊണ്ട് മാനേജർ സമർപ്പിച്ച അപ്പീൽ നിരസിച്ചു കൊണ്ട് പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടർ ഉത്തവായിട്ടുണ്ട്.

ടി സ്കൂളിലെ എച്ച്.എസ്.ടി. (സോഷ്യൽ സയൻസ്) അധ്യാപിക ശ്രീമതി. കമലാദേവിയെ **01.06.1998** മുതൽ പ്രധാനാധ്യാപികയായി നൽകി നിയമിച്ചത് മൂലം ഉണ്ടായ ഒഴിവിൽ തസ്തിക നഷ്ടമായതിനെ തുടർന്ന് നിലനിന്നിരുന്ന എച്ച്.എസ്.ടി. (സോഷ്യൽ സയൻസ്) അധ്യാപിക ശ്രീമതി.വിജയലക്ഷ്മിയെ നിലനിർത്തുകയും തന്മൂലം സംജാതമായ എച്ച്.എസ്.ടി.(സോഷ്യൽ സയൻസ്) ഒഴിവിലേക്ക് **01.06.1998** മുതൽ ശ്രീ.കുഞ്ഞി മൊയ്തുവിന് നിയമനാംഗീകാരം ലഭിക്കുകയും ചെയ്തിട്ടുണ്ട്. ശ്രീ. കുഞ്ഞി മൊയ്തുവിന്റെ **02.06.1997** മുതൽ **31.05.1998** വരെയുള്ള നിയമനം നൽകാനുള്ള ഒഴിവ് അടയ്ക്കാപുത്തൂർ എസ്.പി.ടി.ബി.എസ്. ഹൈസ്കൂളിൽ ഉള്ളതായി കാണുന്നില്ല. എന്നാൽ **02.06.1997** മുതൽ ശമ്പളമില്ലാതെ ജോലി ചെയ്തിരുന്ന ഒരാളുടെ നിയമനം **05.01.1998** തീയതിയിൽ വൈകി നിരസിച്ചപ്പോൾ അംഗീകൃത പോസ്റ്റ് ഉണ്ടെന്ന വിശ്വാസത്തിൽ ഏഴു മാസം ജോലി ചെയ്ത് ശമ്പളമില്ലാതെ പിന്നീട് പോസ്റ്റില്ലായെന്ന് പറഞ്ഞ് നിരസിക്കുന്നത് നീതിയുക്തമല്ല എന്ന ഹർജ്ജിക്കാരന്റെ പരാതി അനുഭാവപൂർവ്വം പരിഗണിക്കാവുന്നതാണ്.

ജി.ഒ. (എം.എസ്) നമ്പർ **377/1994 /GEdn** തിയ്യതി **16.03.1994,** ഖണ്ഡിക **3** (സി) **(i) Future appointments of HSA's (Core Subject)** എന്നതിനെപ്പറ്റി നിർദ്ദേശിക്കുന്നത് ഇപ്രകാരമാണ്.

**"Future promotions/ appointments to the posts of HSA (Core subjects) shall be confined strictly in accordance with the subject ratio of 1:1:1 for each category of HSAs(Core subjects, namely, Social Studies, Mathematics, Science with internal ratio of 3:2 between Physical Science and Natural Science), and that appointment shall be made with due regard to the qualifications prescribed for each post, i. e. the candidate should be duly qualified for that particular post,**

under Chapter XXXI of KER"

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ നമ്പർ എച്ച് 2/54419/94 തിയ്യതി. 10.02.1995 പരിപത്രം ഖണ്ഡിക (4) ൽ ഇപ്രകാരം വ്യക്തമാക്കുന്നു. "ഹൈസ്കൂളിൽ കോർ വിഷയങ്ങളിലെ അധ്യാപകരായി ഭാവിയിൽ ഉണ്ടാകുന്ന എല്ലാ പ്രമോഷനുകളും / നിയമനങ്ങളും,സ്ഥലം മാറ്റങ്ങളും കർശനമായി ഈ അനുപാതം നിലനിർത്തിയാവണം"

ഈ നിർദ്ദേശങ്ങൾ എല്ലാം വിഷയാനുപാതം പാലിക്കേണ്ടതിന്റെ അനിവാര്യത ഉറപ്പുവരുത്തുകയാണ് ചെയ്തിട്ടുള്ളത്.നാച്ചുറൽ സയൻസ് വിഷയത്തിൽ ഒഴിവു വരുമ്പോൾ ടി തസ്തികയിൽ സോഷ്യൽ സയൻസ് അധ്യാപകനെ നിലനിർത്തുന്നത് minimum subjective requirement തത്വങ്ങൾക്ക് എതിരാണ്.

5. മേൽസാഹചര്യത്തിൽ സ.ഉ(പി) 219/97 ഉത്തരവ് പ്രകാരം ശ്രീമതി.വിജയലക്ഷ്മി HST(SS) - യ്ക്ക് 1:40 ന്റെ ആനുകൂല്യം നൽകി സ്കൂളിൽ തന്നെ നിലനിർത്തിയും ശ്രീ.കുഞ്ഞുമൊയ്തു കെ ടി - യുടെ 02.06.1997 മുതൽ 31.05.1998 വരെയുള്ള എച്ച്.എസ്.ടി നാച്ചുറൽ സയൻസ് അധ്യാപകനായുള്ള നിയമനം, ടിയാൾ പ്രസ്തുത കാലയളവിൽ ടി തസ്തികയിൽ ജോലി ചെയ്തിട്ടുള്ള പക്ഷം അംഗീകരിച്ച് നൽകികൊണ്ടും അടക്കാപുത്തൂർ ശബരി പി.ഡി.ബി ഹൈസ്കൂൾ എച്ച്.എസ്.ടി. (നാച്ചുറൽ സയൻസ്) അധ്യാപകൻ ശ്രീ. കുഞ്ഞുമൊയ്തു കെ.ടി സമർപ്പിച്ച പുനപരിശോധനാ ഹർജി തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
M RATHEESH
അണ്ടർ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
വിദ്യാഭ്യാസ ഉപഡയറക്ടർ, പാലക്കാട്
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, മണ്ണാർക്കാട്
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, ഒറ്റപ്പാലം
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം
ശ്രീ. കുഞ്ഞുമൊയ്തു, എച്ച്.എസ്.ടി. (നാച്ചുറൽ സയൻസ്),ശബരി പി.ഡി.ബി. ഹൈസ്കൂൾ ,അടക്കാപുത്തൂർ, പാലക്കാട്

മാനേജർ, ശബരി പി.ഡി.ബി. ഹൈസ്കൂൾ ,അടക്കാപുത്തൂർ, പാലക്കാട്
പൊതുവിദ്യാഭ്യാസ (ജെ.എ.) വകുപ്പ് (GE-JA3/445/2025-G.EDN തീയതി: 06/11/2025 )
വിവര പൊതുജന സമ്പർക്ക ( വെബ്ബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
Signed by
Meera S S
Date: 31-01-2026 13:14:44
സെക്ഷൻ ഓഫീസർ